ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 5 ശുദ്ധജലവിതരണ പദ്ധതികൾ.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശങ്ങളും.
2. മീനാടും സമീപ ഗ്രാമങ്ങളും.
3. ചേർത്തലയും സമീപ ഗ്രാമങ്ങളും.
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശങ്ങളും.
5. പട്ടുവവും സമീപ ഗ്രാമങ്ങളും

(ബി) ഏകദേശം 40 ലക്ഷത്തോളം ജനങ്ങൾക്ക്

(സി) പദ്ധതികൾക്കാവശ്യമായ ഭൂമിയേറ്റെടുത്ത പണികളുടെ ഭാഗമായി 20.31 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

(ഇ&എഫ്) ആദ്യം കൺസൾട്ടന്റുമാരുടെ ഷോർട്ട്‌ലിസ്റ്റ് തയ്യാറാക്കുകയും, ഒ.ഇ.സി.എഫ് (ഇപ്പോൾ ജെ.ബി.ഐ.സി) അംഗീകരിച്ച ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്ന് ഓഫറുകൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച നാല് ഓഫറുകളുടെ സാങ്കേതിക ബിഡുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി തുടർന്ന്, അതിൽ ഒന്നാം സ്ഥാനം ലഭിച്ച കമ്പനികളുടെ ഫിനാൻഷ്യൻ ബിഡുകളുടെ പരിശോധന നടന്നുകൊണ്ടിരിക്കെ മാധ്യമങ്ങളും, പ്രമുഖരാഷ്ട്രീയ നേതാക്കളും മറ്റുള്ളവരും പി.സി.ഐ. എന്ന കമ്പനിയെ ഹ്രസ്വ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പുന:പരിശോധിക്കുകയും മേൽ സാഹചര്യത്തിൽ പുതിയതായി ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ഒ.ഇ.സി.എഫ്-ന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അവരുടെ മറുപടി ലഭ്യമായിട്ടില്ല.

ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതികൾ

30(*60) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആറ് ശുദ്ധജലവിതരണ പദ്ധതികൾക്ക് ജപ്പാൻ വായ്പ അനുവദിച്ചതെന്നാണ് ;

(ബി) ഈ പദ്ധതികളുടെ കൺസൾട്ടന്റ് നിയമനത്തിന് പരസ്യം പ്രസിദ്ധീകരിച്ചതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരസ്യപ്രകാരം ആരെല്ലാം കൺസൾട്ടന്റാകാനുള്ള താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ട് കത്ത് തന്നു ;

(ഡി) ഇപ്രകാരം താൽപര്യം പ്രകടിപ്പിച്ചവരുടെ ഷോർട്ട് ലിസ്റ്റ് പദ്ധതിയുടെ കോ-ഓർഡിനേറ്റർ തയ്യാറാക്കുകയുണ്ടായോ ;

(ഇ) എങ്കിൽ പ്രസ്തുത ഷോർട്ട് ലിസ്റ്റിന്റെ മുൻഗണനാക്രമം വെളിപ്പെടുത്താമോ ;

(എഫ്) ഈ ഷോർട്ട് ലിസ്റ്റ് ടെണ്ടർ കമ്മിറ്റി പരിശോധിച്ചുവോ ; എങ്കിൽ പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ആരെല്ലാമുണ്ടായിരുന്നു ;

(ജി) രണ്ട് ലിസ്റ്റുകൾ തമ്മിൽ എന്തെല്ലാം വ്യത്യാസമുണ്ടായിരുന്നു ;

(എച്ച്) ടെണ്ടർ കമ്മിറ്റിയുടെ ലിസ്റ്റ് അതേപടി വാട്ടർ അതോറിറ്റിയുടെ ബോഡിയോഗം അംഗീകരിച്ചുവോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ അഞ്ച് ശുദ്ധജലവിതരണപദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി കേന്ദ്ര. ഗവൺമെന്റും, ഒ.ഇ.സി.എഫും, (ഇപ്പോൾ ജെ.സി.ഐ. സി) തമ്മിൽ ഉണ്ടാക്കിയ വായ്പാ കരാർ 1997 ഫെബ്രുവരി മാസം 25-നാണ് ഒപ്പു വച്ചത്. പദ്ധതിയുടെ കൺസൾട്ടിന്റെ നിയമനം നടക്കാത്തതിനാൽ വായ്പ ലഭിച്ചു തുടങ്ങിയിട്ടില്ല.

(ബി) കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രീമിയത്തിൽ പങ്കെടുക്കുന്നതിനുള്ള പരസ്യം 1997 മാർച്ച് മാസം ഇക്കണോമിക് ടൈംസ് (18-03-1997) എന്ന ദിന പത്രത്തിൽ പ്രസിദ്ധികരിച്ചു. ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികളിൽ നിന്നും കൺസൾട്ടൻസിക്കുവേണ്ടി 1997 സെപ്റ്റംബർ മാസത്തിൽ ഓഫറുകൾ ക്ഷണിച്ചു. 25-11-1997 ആയിരുന്നു ഓഫറുകൾ ലഭിക്കേണ്ട അവസാന തീയതി.

(സി) 36 കമ്പനികളിൽ നിന്നും മറുപടി ലഭിച്ചു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ഡി) ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി.

(ഇ) പ്രോജക്ട് കോ-ഓർഡിനേറ്റർ തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട 5 കമ്പനികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ താഴെ ചേർത്തിരിക്കുന്നു.

1. ക്യാംപ് ഡ്രെസ്സർ മക്കി
2. മോട്ട് മക ഡൊണാൾഡ്
3. മോണ്ട് ഗോമറി വാട്ട്സൺ
4. ലാമെയർ ഇന്റർനാഷണൽ
5. പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ.

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രോജക്ട് കോ-ഓർഡിനേറ്റർ തയ്യാറാക്കിയ 5 കമ്പനികളുടെ ഷോർട്ട് ലിസ്റ്റ് അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. അതോറിറ്റിയുടെ 4273-ാം നമ്പർ തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ടെൻഡർ കമ്മിറ്റി ലഭിച്ച 36 ഓഫറുകളും വിശദമായി പരിശോധിക്കുകയുണ്ടായി. ടെൻഡർ കമ്മിറ്റി 5 കമ്പനികളുടെ ഷോർട്ട് ലിസ്റ്റ് അതോറിറ്റിയുടെ പരിഗണനയ്ക്ക് നൽകുകയുണ്ടായി. ഈ ഷോർട്ട് ലിസ്റ്റിൽപ്പെട്ട 5 കമ്പനികളുടെ പേര് മുൻഗണനാക്രമത്തിൽ താഴെ ചേർക്കുന്നു.

1. മോണ്ട് ഗോമറി വാട്ട്സൻ, യു.കെ.
2. മോട്ട് മക് ഡൊണാൾഡ് , യു.കെ.
3. ക്യാംപ് ഡ്രെസ്സർ മക്കി
4. സ്കോട്ട് വിൽസൺ കിർക് പാട്രിക്
5. ലാമെയർ ഇന്റർനാഷണൽ, ജർമ്മനി

(ജി) ആദ്യ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്കോട്ട് വിൽസൺ, കിർക് പാട്രിക് എന്ന കമ്പനി രണ്ടാമത്തെ ലിസ്റ്റിൽ ഉണ്ടായിരുന്നു. രണ്ടാമത്തെ ലിസ്റ്റിൽ ആദ്യ ഷോർട്ട് ലിസ്റ്റിലുണ്ടായിരുന്ന പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു. മൂന്ന് കമ്പനികളുടെ റാങ്കുകളിൽ മാറ്റമുണ്ടായിരുന്നു.

(എച്ച്) കേരള വാട്ടർ അതോറിറ്റിയുടെ 4275-ാം നമ്പർ തീരുമാനപ്രകാരം ടെൻഡർ കമ്മിറ്റി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റ് അതേപടി വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ചിരുന്നു.

(2) **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം

1(204) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം തുടങ്ങുന്നതിനു വേണ്ടി തൽസംബന്ധമായ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) പിന്നോക്ക സമുദായക്ഷേമ വകുപ്പ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[19-12-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 (*60) -ന്റെ 'സി' ഉത്തരം ദയവായി കാണുക]

Sl.No.	Name of Firm
(1)	(2)
1	Montgomery Watson & Hyder
2	Mott Mac Donald & Dalal & P&R Inc. (Tokyo)
3	Scott Wilson Kirk Patrick
4	Camp Dresser Mckee
5	Lathmeyer International
6	TAHAL Consulting Engineers
7	SMEC
8	Sheladia Asscociates Inc. HARZA
9	Binnle Black & Veatch
10	Tata Consulting Engineers
11	Nippon Joge suido Sekkel & Kirloskar
12	Louis Berger International Inc.
13	Pacific Consultants International, Japan
14	Multimedia /Rendel, Palmer & Triton, U.K.
15	KINHILL
16	Development Consultants
17	NIDC
18	R.V. Anderson Associates Ltd.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
19	WAPCOS
20	Consulting Engineering Services
21	BKH Consulting Engineers
22	E. C. I. (U.S.A)
23	COWI
24	DHV Consultants
25	Haskoning Royal Dutch Consulting Engrs. & Architects/Mantec
26	Construma Consultancy Pvt. Ltd./AWT
27	Entech/ Haswel.
28	Mahindra Acres Consulting Engineers Ltd.
29	Metallurgical & Engg. Consultants (India) Ltd.
30	PRC Environmental Management Inc.
31	United Technology Engineering Pvt. Ltd.
32	ENGICON
33	Intercontinental Consultants & Technocrates/ Multimedia
34	Gannon Dunkerley & Co. Ltd.
35	Blue Star Ltd.
36	Contsuction & Design Services, Uttar Pradesh, India

LIBRARY ARCHIVES Kerala Legislative Assembly